**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1445** **10-10-2024 - ൽ മറുപടിയ്ക്ക്**

**സുരക്ഷിതമല്ലാത്തതും ചൂഷണ സ്വഭാവമുള്ളതുമായ തൊഴിൽ അന്തരീക്ഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ജോലി സമ്മർദ്ദത്തെ തുടർന്ന് മലയാളിയായ ചാർട്ടേഡ് അക്കൗണ്ടന്റ് മരണപ്പെട്ട സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഈ വാർത്ത പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഐ.ടി മേഖല ഉൾപ്പെടെയുള്ള തൊഴിൽ മേഖലകളിൽ തൊഴിലാളികൾ നേരിടുന്ന തൊഴിൽപരമായ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പ് സത്വര നടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് സുരക്ഷിതമല്ലാത്തതും ചൂഷണ സ്വഭാവമുള്ളതുമായ തൊഴിൽ അന്തരീക്ഷം ഒഴിവാക്കുന്നതിനും കോർപ്പറേറ്റ് മേഖലയിലും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾ ഐ.ടി മേഖലയ്ക്കും ബാധകമാണ്. ഓരോ നിയമവും നൽകുന്ന സംരക്ഷണം ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോ എന്നത് തൊഴിൽ വകുപ്പ് ഉറപ്പു വരുത്തുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി കമ്പനികളിലെ ജീവനക്കാരിൽ നിന്നും അമിത ജോലി ഭാരം, മറ്റു മാനസിക സംഘർഷം എന്നിവ സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല. പരാതി ലഭിക്കുന്ന പക്ഷം തൊഴിൽ വകുപ്പ് സത്വരമായി ഇടപെട്ട് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനം വ്യവസായ സൗഹൃദം ആക്കുന്നതിനും തൊഴിലിടങ്ങളിൽ നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.<br><br>സംഘടിത മേഖലയുടെ പരിധിയിൽ വരുന്ന വ്യവസായ ശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ വിവിധ നിയമങ്ങളിലൂടെ നടപ്പിലാക്കി തൊഴിൽ അപകടങ്ങളും, തൊഴിൽജന്യ രോഗങ്ങളും ഇല്ലാതാക്കുക എന്നതാണ് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ മുഖ്യ ലക്ഷ്യം. ഒരു തൊഴിലാളിയെകൊണ്ട് ഒരു ദിവസം 8 മണിക്കൂറിൽ കൂടുതലോ ആഴ്ചയിൽ 48 മണിക്കൂറിൽ കൂടുതലോ ജോലി ചെയ്യിപ്പിക്കാൻ പാടില്ലായെന്ന് നിലവിലെ ഫാക്ടറി നിയമം 1948 അനുശാസിക്കുന്നുണ്ട്. എന്നാൽ ഐ.ടി. |

| | | | |
|---|---|---|---|
| | | | മേഖലയുൾപ്പെടെയുള്ള അസംഘടിത മേഖലകളിൽ തൊഴിലാളികൾക്ക് അമിത ജോലി ഭാരവും മാനസിക സമ്മർദ്ദവും ഉണ്ടാകുന്നതായി മനസ്സിലാക്കുന്നു. വകുപ്പിന്റെ കീഴിൽ വരുന്ന ഫാക്ടറികളിലെ തൊഴിലാളികളിൽ നിന്നും അമിത ജോലിഭാരം, മാനസ്സിക സമ്മർദ്ദം എന്നിവ സംബന്ധിച്ച് പരാതികൾ ഒന്നും തന്നെ നാളിതു വരെ ലഭിച്ചിട്ടില്ല. |
| (സി) | തൊഴിലാളികളുടെ അവകാശങ്ങളെ നിഷേധിച്ചുകൊണ്ട് നടപ്പാക്കാൻ ശ്രമിക്കുന്ന ലേബർ കോഡുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വിശദാംശം നൽകുമോ ? | (സി) | ലേബർ കോഡുകൾ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത കോഡുകൾ സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ തൊഴിലാളികളുടെ തൊഴിൽ അവകാശങ്ങൾ ഹനിക്കപ്പെടരുതെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ